പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 628      2.4.2018 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാരികളുടെ എണ്ണം ഉയർത്തുന്നതിന് പുതിയ പദ്ധതി

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.കെ.എൻ.എ ഖാദർ :</td><td colspan="2">മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി</td></tr>
<tr><td>എ)</td><td>കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ എണ്ണം ഇരുപതുലക്ഷമായി ഉയർത്തുന്നതിന് പുതിയ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;</td><td>എ)</td><td>2021-ഓടെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 100 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 50 ശതമാനവും വർദ്ധനവാണ് സർക്കാരിന്റെ പുതിയ ടൂറിസം നയം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ആഗോളതലത്തിലുള്ള മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ബ്രാൻഡ് അംബാസഡറെ തെരഞ്ഞെടുക്കുന്നതിനും നവമാധ്യമങ്ങളിലെ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അന്താരാഷ്ട്ര ടൂറിസം മേഖലകളിൽ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും വിദേശ രാജ്യങ്ങളിൽ ടൂറിസം മീറ്റുകൾ സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ തുടർന്നുവരികയാണ്.</td></tr>
<tr><td>ബി)</td><td>ഇതിന്റെ ഭാഗമായി ഏതെല്ലാം പട്ടണങ്ങളിൽ ബിസിനസ്സ് മീറ്റ് നടത്തി; ഏതെല്ലാം സ്ഥലങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;</td><td rowspan="2">ബി) & സി)</td><td rowspan="2">2017-18 സാമ്പത്തിക വർഷത്തിൽ മോസ്കോ, വാർസ, ക്വാലാലംപൂർ, ചെങ്ടു, മെൽബൺ, സിഡ്നി, ലണ്ടൻ ഗാഡ് വിക്ക്, ബർമിംഹാം, മാഞ്ചസ്റ്റർ, ഡസൽഡോർഫ്, ഹാംബർഗ് സാൻഫ്രാൻസിസ്കോ, മസ്കറ്റ്, ദോഹ, അബുദാബി, മാർസേ, മിലാൻ എന്നീ വിദേശ നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചു. കൂടാതെ കോയമ്പത്തൂർ, മൈസൂർ, ഗുർഗാൺ, അമൃതസർ,ലക്നൗ,ഭോപ്പാൽ, വഡോദര, രാജ്കോട്ട്, അഹമ്മദാബാദ്, നാഗ്പൂർ, മുംബൈ, പൂനെ, ജയ്പൂർ, ചണ്ഡീഗഡ്, ബാംഗ്ലൂർ, ഹൈദ്രാബാദ്, വിശാഖപട്ടണം, ചെന്നൈ, കൽക്കട്ട, പാറ്റ്ന, ന്യൂഡൽഹി എന്നീ ഇന്ത്യൻ നഗരങ്ങളിലും</td></tr>
<tr><td>സി)</td><td>ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചു. ഇതിനു പുറമേ 12 വിദേശ ടൂറിസം ഫെയറുകളിലും 22 നാഷണൽ ടൂറിസം ഫെയറുകളിലും കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. വരും വർഷങ്ങളിലും ഇത്തരം മീറ്റുകളിലും ഫെയറുകളിലും പങ്കെടുത്ത് വിദേശ വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി തുടരുന്നതാണ്. വിദേശ രാജ്യങ്ങളിലെ കേരള ടൂറിസത്തിന്റെ സാധ്യതകളെ സംബന്ധിച്ച് ടൂറിസം അഡ്വൈസറി കമ്മിറ്റിയുടെയും ഫോക്കസ് ഗ്രൂപ്പിന്റെയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടാണ് ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കേണ്ട നഗരങ്ങളെ തെരഞ്ഞെടുക്കുന്നത്. |

**സെക്ഷൻ ഓഫീസർ**